AKSHAYA
Gateway of Opportunities


# അക്ഷയജാലകം

ന്യൂസ് ബുള്ളറ്റിൻ

KERALA STATE IT MISSION

Issue - 5 **Enabling Akshaya is Empowering Kerala** 2018 January

## തത്കാൽ പാസ്പോർട്ട്: വ്യവസ്ഥകൾ ലളിതമാക്കി




പാസ്പോർട്ട് തൽക്കാൽ നടപടി ക്രമങ്ങൾ ലളിതമാക്കി സർക്കാർ ഉത്തരവിറക്കി. ഇത് പ്രകാരം 18 വയസ്സിനു മുകളിലുള്ള അപേക്ഷകർ ആധാർ കാർഡിനൊപ്പം റേഷൻ കാർഡ്, വോട്ടർ ഐഡി, പാൻ, സ്റ്റുഡന്റ് ഐഡി, ഡ്രൈവിംഗ് ലൈസൻസ്, ബാങ്ക് പാസ്ബുക്ക്, ജനന സർട്ടിഫിക്കറ്റ്, പാസ്പോർട്ട്, പെൻഷൻ ഓർഡർ, ഗവണ്മെന്റ് ഉദ്യോഗസ്ഥർക്കുള്ള തിരിച്ചറിയൽ കാർഡ് എന്നിവയിൽ ഏതെങ്കിലും 2 എണ്ണം കൂടി ഹാജരാക്കിയാൽ മതി. ഇതുവരെ തൽകാലിനായി സമർപ്പിക്കേണ്ട മൂന്ന് ഐഡിയിൽ പാൻ, വോട്ടർ ഐഡി എന്നിവ നിർബ്ബന്ധമായിരുന്നു. റേഷൻകാർഡ് പാസ്പോർട്ടിനായുള്ള രേഖകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

18 വയസിനു താഴെയുള്ള അപേക്ഷകർ ആധാറിനൊപ്പം സ്റ്റുഡന്റ് ഐഡി, ജനനസർട്ടിഫിക്കറ്റ്, റേഷൻ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നു ഹാജരാക്കിയാൽ മതി. ഇതുവരെ വോട്ടർ ഐഡി ഇല്ലാത്തുമൂലം ഇവർക്ക് തൽകാലിന് അപേക്ഷിക്കാൻ കഴിയുമായിരുന്നില്ല. കൂടാതെ പുതിയ നിയമ പ്രകാരം ആധാർ നമ്പർ ലഭിച്ചിട്ടില്ലാത്തവർക്ക് ആധാർ എൻറോൾമെന്റ് നമ്പർ ഹാജരാക്കിയാലും മതി.

## അസാപ്പ് പരിശീലനം

പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും ഉന്നതവിദ്യാഭ്യാസവകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ ഹയർ സെക്കന്ററി -കോളേജ് തലങ്ങളിൽ നടപ്പിലാക്കിവരുന്ന തൊഴിൽ നൈപുണ്യ പരിശീലനമാണ് അസാപ് (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം). അസാപ്പിന്റെ വേനലവധിക്കാല പരിശീലനമായ സമ്മർ സ്കിൽ സ്കൂൾ പ്രോഗ്രാമിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. 15 – 25 വയസ് പ്രായപരിധിയിൽ പെടുന്നവർക്ക് അവരുടെ യോഗ്യതയ്ക്കനുസരിച്ച് കോഴ്സുകൾ തെരഞ്ഞെടുക്കാം. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര സർക്കാരിന്റെ നാഷണൽ സ്കിൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ അംഗീകൃത സർട്ടിഫിക്കറ്റ് ലഭിക്കും. കൂടാതെ ഇന്റേൺഷിപ്പും പ്ലേസ്മെനുള്ള അവസരവും ഉണ്ടാകും. അക്ഷയ കേന്ദ്രങ്ങൾ വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ആപ്ലിക്കേഷൻ രജിസ്ട്രേഷന് 20 രൂപയും രജിസ്ട്രേഷൻ സ്ലിപ്പ് പ്രിന്റിംഗിന് 5 രൂപയുമാണ് ഫീസ്.




## സർട്ടിഫിക്കറ്റുകളുടെ കാലാവധി നീട്ടി

വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി സർക്കാർ നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകളുടെ കാലാവധി നീട്ടി. ജാതി സർട്ടിഫിക്കറ്റിന്റെ കാലാവധി മൂന്നു വർഷമായും വരുമാന സർട്ടിഫിക്കറ്റിന്റെ കാലാവധി ഒരു വർഷമായുമാണ് നീട്ടിയത്. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ആജീവനാന്തം ഉപയോഗിക്കാം.




അക്ഷയ റേഡിയോ മലപ്പുറത്ത് തൊഴിൽ - എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. ടി.പി. രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

# പാസ്‌വേർഡ് സുരക്ഷിതമാക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ




ഇന്ന് സുപ്രധാനമായ ഒട്ടേറെ വിവരങ്ങൾ നാം കൈമാറുന്നത് ഇ-മെയിലുകൾ വഴിയോ വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ ഉപയോഗിച്ചോ ആണ്. ഇവിടെയെല്ലാം പാസ്‌വേർഡുകൾ ഉപയോഗിച്ചാണ് വിവരങ്ങൾ സുരക്ഷിതമാക്കിവയ്ക്കുന്നത്. എന്നാൽ നാം അറിയാതെതന്നെ നമ്മുടെ പാസ്‌വേർഡുകൾ മറ്റുള്ളവർ ചോർത്തിയാൽ നഷ്ടമാകുന്നത് നമ്മുടെ സ്വകാര്യ വിവരങ്ങൾ മുഴുവനുമാണ്. മറ്റുള്ളവരുടെ പാസ്‌വേർഡുകൾ സമർത്ഥമായി ചോർത്തിയെടുക്കുന്ന ഹാക്കർമാർ ഇന്ന് സജീവമാണ്. ലളിതവും സർവ്വസാധാരണവുമായ പാസ്‌വേർഡുകളാണ് നാം ഉപയോഗിക്കുന്നതെങ്കിൽ അത് ചോർത്തപ്പെടാനുള്ള സാദ്ധ്യത വളരെക്കൂടുതലാണ്. സർക്കാർ വെബ്സൈറ്റുകൾ അടക്കം സുപ്രധാനമായ പല സ്ഥാപനങ്ങളുടെയും വെബ്സൈറ്റുകൾ ഹാക്ക് ചെയ്യപ്പെട്ടിട്ടുണ്ട് എന്നറിയുമ്പോഴാണ് ഹാക്കിംഗിന്റെ വ്യാപ്തി എത്രമാത്രമാണെന്നറിയുന്നത്. നമ്മുടെ പാസ് വേർഡ് ഹാക്ക് ചെയ്യപ്പെട്ടിട്ടുണ്ടോ എന്നറിയാൻ https://haveibeenpwned.com എന്ന വെബ്സൈറ്റിൽനിന്നും ഇ മെയിൽ ഐഡിയോ യൂസർനെയിമോ നൽകി അറിയാവുന്നതാണ്. അങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽ പാസ്‌വേർഡ് ഉടനെ മാറ്റുക.

## പാസ്‌വേർഡ് സുരക്ഷിതമാക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

സർവ്വസാധാരണമായ പാസ്‌വേർഡുകൾ ഉപയോഗിക്കാതിരിക്കുക. (ഉദാ. 12345, welcome, admine etc.)♦ അക്കങ്ങളും ചെറുതും വലുതുമായ അക്ഷരങ്ങളും സ്പെഷ്യൽ ക്യാരക്ടേഴ്സും കൂടിച്ചേർന്ന പാസ്‌വേർഡ് ഉപയോഗിക്കുക♦ ഒരു സേവനത്തിന് ഉപയോഗിക്കുന്ന പാസ്‌വേർഡ് മറ്റൊരു സേവനത്തിന് ഉപയോഗിക്കാതിരിക്കുക♦ പാസ്‌വേർഡ് ഓർത്തെടുക്കാൻ വേണ്ടി സെറ്റുചെയ്യുന്ന ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം കൊടുക്കാതെ ഓർത്തെടുക്കാൻ കഴിയുന്ന മറ്റ് ഉത്തരങ്ങൾ നൽകുക♦ പാസ്‌വേർഡുകൾ ഇടക്കിടെ മാറ്റിക്കൊണ്ടിരിക്കുക♦ ഫോണിലോ മെയിലിലോ നേരിട്ടോ പാസ്‌വേർഡുകൾ കൈമാറ്റം ചെയ്യാതിരിക്കുക♦ റിമംബർ പാസ്‌വേർഡ് ചോദിച്ചാൽ ഒ.കെ. കൊടുക്കാതിരിക്കുക♦ പാസ്‌വേർഡുകൾ ചോർത്തിയെടുക്കാൻ സാദ്ധ്യതയുള്ള ആപ്പുകൾ കമ്പ്യൂട്ടറിലും മൊബൈലിലും ഇൻസ്റ്റാൾ ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുക♦ ഉപയോഗിക്കാത്ത സമയങ്ങളിൽ മൊബൈലും കമ്പ്യൂട്ടറും സ്ക്രീൻ ലോക്ക് ചെയ്തു വയ്ക്കുക♦ ആധികാരികതയുള്ള സൈറ്റുകളുടെ ഡ്യൂപ്പ് ഉപയോഗിച്ച് ഫിഷിംഗ് നടത്തി പാസ്‌വേർഡ് ചോർത്തുന്നവരുണ്ട്. അതിനാൽ പാസ് വേർഡ് സെറ്റ് ചെയ്യുന്ന ആപ്പ്, സൈറ്റ് എന്നിവ ആധികാരികമാണെന്ന് ഉറപ്പ് വരുത്തുക ♦https://strongpasswordgenerator.com പോലുള്ള സൈറ്റുകളുടെ സഹായത്തോടെ സങ്കീർണമായ പാസ് വേർഡുകൾ സെറ്റു ചെയ്യുക.

## സാമ്പത്തിക സാക്ഷരതാ ശാക്തീകരണം:വർക്ക്ഷോപ്പ് നടത്തി

സംസ്ഥാനത്തെ സാമ്പത്തിക സാക്ഷരതാ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ദ്വിദിന വർക്ക്ഷോപ്പ് 7,8 തീയതികളിൽ നടന്നു. ബാങ്കിന്റെയും അക്ഷയയുടെയും പ്രതിനിധികൾ വർക്ഷോപ്പിൽ പങ്കെടുത്തു. ഡിജിറ്റൽ ശാക്തീകരണപ്രവർത്തനം നടപ്പിലാക്കുന്നതിന് ആവശ്യമായ കൈപ്പുസ്തകം, ലഘുലേഖ എന്നിവയുടെ രൂപരേഖ വർക്ക് ഷോപ്പിൽ വച്ച് തയ്യാറാക്കി.

**അക്ഷയ കേന്ദ്രങ്ങൾ വഴി ആബി രജിസ്ട്രേഷനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഫെബ്രുവരിയിൽ രജിസ്ട്രേഷൻ ആരംഭിക്കും.**

## ജിഎസ്ടി പരിശീലനം

അക്ഷയ സംരംഭകർക്ക് ജില്ലാതലത്തിൽ ജിഎസ്ടി പരിശീലനംനൽകും. ജിഎസ്ടി ഡിപ്പാർട്ട്മെന്റ് , സെൻട്രൽ എക്സൈസ് വകുപ്പ് എന്നിവരുടെ ആഭിമുഖ്യത്തിലാണ് പരിശീലനം നൽകുന്നത്. പങ്കെടുക്കാൻ താല്പര്യമുള്ള സംരംഭകർ ജില്ലാ ഓഫീസിൽനിന്ന് നൽകിയിട്ടുള്ള ഗൂഗിൾ ഡോക്കിൽ വിവരങ്ങൾ നൽകി രജിസ്റ്റർ ചെയ്യേണ്ടതാണ്.

സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (ചിയാക്)യിൽ അക്ഷയകേന്ദ്രംവഴി ഈ വർഷം 436243 പേർ രജിസ്റ്റർ ചെയ്തു. മുഖ്യമന്ത്രിയുടെ ദുരിതാശാസ നിധിയിൽനിന്നുള്ള ധനസഹായത്തിന് അക്ഷയ കേന്ദ്രങ്ങൾവഴി ഈ വർഷം 20060 പേർ അപേക്ഷ നൽകി.




# കിയോസ്ക് ബാങ്കിംഗിൽ ഒരു വിജയഗാഥ

**അജിത എസ്.**
**അക്ഷയ ഇ-കേന്ദ്രം TVM 089, കാരേറ്റ്**
**തിരുവനന്തപുരം**



കാലത്തിനനുസരിച്ച് മാറിവരുന്ന അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിലൂടെ മാത്രമേ ബിസിനസ് മേഖല വിപുലപ്പെടുത്താൻ കഴിയൂ. ഓരോ പ്രദേശത്തിന്റെയും സാദ്ധ്യതകൾ മനസ്സിലാക്കി അവിടെ കൂടുതൽ സാദ്ധ്യതയുള്ള ബിസിനസിനസിൽ ശ്രദ്ധ കേന്ദ്രീക്കണം. ഈ സന്ദർഭങ്ങളിൽ ജനങ്ങളുടെ ആവശ്യകതയ്ക്ക് വേണം മുൻതൂക്കം കൊടുക്കേണ്ടത്.

2014-ലാണ് ഞാൻ അക്ഷയ സംരംഭകയാകുന്നത്. തിരുവനന്തപുരം ജില്ലയിൽ പുളിമാത്ത് വില്ലേജിലെ കാരേറ്റാണ് അക്ഷയകേന്ദ്രം നിലകൊള്ളുന്നത്. ആദ്യകാലങ്ങളിൽ ഏറെ ബുദ്ധിമുട്ടിയാണ് അക്ഷയ കേന്ദ്രം നടത്തിക്കൊണ്ടിരുന്നത്. അക്ഷയ വഴി നടക്കുന്ന സേവനങ്ങളെക്കുറിച്ച് ജനങ്ങൾക്ക് വേണ്ടത്ര അറിവുണ്ടായിരുന്നില്ല. എല്ലാ സേവനങ്ങളും അവരിലെത്തിക്കാൻ വേണ്ടിയായിരുന്നു ആദ്യശ്രമം. അത് ഏറെക്കുറെ വിജയപ്രദമായതോടെ സെന്ററിന്റെ പ്രവർത്തനം പുതിയൊരു ഘട്ടത്തിലേക്ക് കടക്കുകയായിരുന്നു. കിയോസ്ക് ബാങ്കിംഗ് ആയിരുന്നു അതിനു നിമിത്തമായത്. ബാങ്കിന്റെ പൂർണമായ പിന്തുണ ലഭിച്ചതോടെ സമൂഹത്തിന്റെ നാനാവിഭാഗത്തിൽപെട്ട ആളുകൾ ബാങ്കിംഗ് സേവനങ്ങൾക്കായി അക്ഷയ കേന്ദ്രത്തെ സമീപിച്ചുതുടങ്ങി.

തുടക്കത്തിൽ അക്കൗണ്ട് തുടങ്ങാനുള്ള സൗകര്യം മാത്രമായിരുന്നു ലഭിച്ചിരുന്നത്. തികച്ചും ഗ്രമപ്രദേശമായിരുന്നിട്ടുകൂടി ആയിരത്തി അഞ്ഞൂറിനടുത്ത് അക്കൗണ്ടുകൾ അക്ഷയകേന്ദ്രം വഴി തുടങ്ങി. തുടർന്ന് പണം നിക്ഷേപിക്കാനും തിരിച്ചെടുക്കാനുമുള്ള സൗകര്യംകൂടി വന്നതോടെ കിയോസ്ക് ബാങ്കിംഗിന്റെ പ്രവർത്തനം കൂടുതൽ ജനകീയമായി.



മികച്ച സേവനത്തിനുള്ള അവാർഡ് ജില്ലാ കളക്ടർ ശ്രീ മിർ മുഹമ്മദ് അലി ഐഎഎസിൽനിന്ന് കണ്ണൂർ ഡിപിഎം. ശ്രീ മിഥുൻ കൃഷ്ണ സി.എം സ്വീകരിക്കുന്നു.

ഇന്ന് പ്രതിദിനം ശരാശരി 40 മുതൽ 50 വരെ പണമിടപാടുകൾ കിയോസ്ക് ബാങ്കുവഴി നടക്കുന്നുണ്ട്. 15 ലക്ഷം മുതൽ 47 ലക്ഷംവരെ പണമിടപാട് ഒരുമാസം അക്ഷയ കേന്ദ്രത്തിൽ നടക്കുന്നു. 2017 ജൂലായ് മാസത്തിൽ 47,07,034 രൂപയുടെ ഇടപാടാണ് നടന്നത്. ഒരു അക്ഷയ കേന്ദ്രത്തെ സംബന്ധിച്ചിടത്തോളം അഭിമാനിക്കാവുന്ന നേട്ടമാണിത് . കിയോസ്ക് ബാങ്കിന്റെ പ്രവർത്തനം പ്രദേശത്തെ പരമാവധി ജനങ്ങളിലേക്കെത്തിക്കാനുള്ള ശ്രമത്തിലാണിപ്പോൾ.

കിയോസ്ക് ബാങ്ക് എസ്ബിഐയുടേതാണെങ്കിലും ആധാർ അധിഷ്ഠിത പേയ്മെന്റ് സംവിധാനം വന്നതോടെ മറ്റു ബാങ്കുകളുടെയും പണമിടപാടുകളും നടത്തുവാനുള്ള സൗകര്യമായി. എസ്ബിഐ അക്കൗണ്ടിൽനിന്നും ദിവസം 10000 രൂപ വരെ ഡെപ്പോസിറ്റ് ചെയ്യാനും അത്രതന്നെ തുക പിൻവലിക്കാനും ഇന്ന് സൗകര്യമുണ്ട്. മറ്റു ബാങ്കുകളുടേതാണെങ്കിൽ പരിധി 5000 ആണ്. കൂടാതെ എസ്ബിഐ അക്കൗണ്ടിൽനിന്നും മറ്റൊരു എസ്ബിഐ അക്കൗണ്ടിലേക്ക് 20,000 രൂപവരെ മാറ്റാൻ കഴിയും. ബാങ്കിൽ പോകാതെ തൊട്ടുത്തുള്ള അക്ഷയ കേന്ദ്രത്തിൽനിന്നും ഇത്രയും സൗകര്യം ലഭിക്കുകയെന്നത് പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം വലിയൊരനുഗ്രഹമാണ്. വൈകിട്ട് മൂന്നു മണിമുതൽ 5 മണിവരെയാണ് കൂടുതലായും പണമിടപാടുകൾ നടന്നുവരുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷൻകാർ, വിദ്യാർത്ഥികൾ, കശുവണ്ടിത്തൊഴിലാളികൾ, ബിപിഎൽ വിഭാഗത്തിൽ പെട്ടവർ എന്നിവരാണ് കിയോസ്ക ്ബാങ്കിന്റെ സേവനം കൂടുതലായുപയോഗിച്ചുവരുന്നത്. അവരുടെ തൊഴിലിനെ പ്രതികൂലമായി ബാധിക്കാതെ പണമിടപാട് നടത്താൻ കഴിയുമെന്നത് ജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായി. ജനങ്ങൾക്കു ബുദ്ധിമുട്ടാകാത്ത തരത്തിലും അവരുടെ സൗകര്യങ്ങൾക്കനുസൃതമായും കൃത്യതയോടെയും പ്രവർത്തിക്കുകയാണെങ്കിൽ കിയോസ്ക് ബാങ്കിംഗ് സംരംഭകരെ സംബന്ധിച്ചിടത്തോളം വലിയൊരു ബിസിനസ് സാദ്ധ്യതയാണ്.


SHARE YOUR STORY

newsletteraspo@gmail.com






കോഴിക്കോട് അക്ഷയ ഫെസ്റ്റ് 2018 ശ്ര.ടി.പി. ദാസൻ എം.എൽ.ഉദ്ഘാടനം ചെയ്യുന്നു.



കൊല്ലം ജില്ലാജയിലിൽ ആധാർ എൻ റോൾമെന്റ്



പറവൂർ മുനിസിപ്പാലിറ്റിയിൽ കിടപ്പുരോഗികളുടെ ആധാൻ എൻ റോൾമെന്റ് മുനിസിപ്പൽ ചെയർമാൻ ശ്രീ. രമേഷ് ഡി കുറുപ്പ് നിർവ്വഹിക്കുന്നു.



മികച്ച രീതിയിൽ ഫാസ്ടാഗ് സേവനം നടത്തിയതിന് തൃശ്ശൂർ അക്ഷയ സംരംഭക ശ്രീമതി റംഷിദ കേന്ദ്രമന്ത്രി ശ്രീ രവിശങ്കർ പ്രസാദിൽനിന്ന് പുരസ്കാരം സ്വീകരിക്കുന്നു.



ഇഗ്നോ, ഫാസ്ടാഗ് പരിശീലനം പാലക്കാട്



കുട്ടികളുടെ ആധാർ എൻ റോൾമെന്റ് മുവാറ്റുപുഴ ഗവ. ആശുപത്രിയിൽ മുനിസിപ്പൽ ചെയർപേഴ്സൺ ഉഷാ ശശിധരൻ നിർവ്വഹിക്കുന്നു.

## രചനകൾ ക്ഷണിക്കുന്നു

ന്യൂസ് ലറ്ററിൽ ഉൾപ്പെടുത്തുന്നതിനായി ഐ.ടി. മേഖലയുമായി ബന്ധപ്പെട്ടതും സംരംഭകർക്ക് പ്രയോജനകരവുമായ വിഷയങ്ങളെ അധികരിച്ചുള്ള ലേഖനങ്ങൾ ക്ഷണിക്കുന്നു. സംരംഭകരുടെ വിജയകഥകൾ (Success stories) സംരംഭകർ തനതായി ഏറ്റെടുത്തു നടത്തുന്ന പ്രോജക്ടുകൾ, അക്ഷയ കേന്ദ്രം വിജയകരമായി നടത്തിക്കൊണ്ട് പോകുന്നതിനു സ്വീകരിച്ചിട്ടുള്ളതും മറ്റുള്ളവർക്ക് മാതൃകയാക്കാവുന്നതുമായ പ്രവർത്തനങ്ങൾ തുടങ്ങിയവയും അയയ്ക്കാവുന്നതാണ്. തെരഞ്ഞെടുക്കുന്നവ ന്യൂസ് ലെറ്ററിൽ പ്രസിദ്ധീകരിക്കും.